LIBRARY ARCHIVES Kerala Legislative Assembly

നായരമ്പലം നെടുങ്ങാട് പള്ളിപ്പാലം നിർമ്മാണം

162(2803) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നായരമ്പലം നെടുങ്ങാട് പള്ളിപ്പാലം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം നേരിടുന്നത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിൽ തടസ്സങ്ങളുണ്ടെങ്കിൽ വിശദമാക്കാമോ;

(ഡി) പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സർക്കാർ ഉത്തരവ് (ആർ‌റ്റി.) നമ്പർ 1930/2015/പൊ.മ.വ. തീയതി 22-12-2015 പ്രകാരം 650 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി-ഡി) പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സാങ്കേതികാനുമതി ലഭ്യമായ ശേഷം പ്രവൃത്തി ടെണ്ടർ ചെയ്ത് തുടർനടപടി സ്വീകരിക്കുന്നതാണ്.

വൈശ്യഭാഗം പാലത്തിന്റെ നിർമ്മാണം

163(2804) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിലെ കഞ്ഞിപ്പാടം വൈശ്യഭാഗം പാലത്തിന്റെ നിർമ്മാണ പുരോഗതി അറിയിക്കുമോ;

(ബി) പാലം നിർമ്മിക്കുന്നതിനുള്ള അടങ്കൽ തുക എത്രയാണ്; പാലം പണിക്കായി ഇതുവരെ എത്ര തുക നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും സാങ്കേതിക തടസ്സം നിലവിലുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ-സി) വൈശ്യഭാഗം പാലം നിർമ്മാണത്തിന്റെ അടങ്കൽ തുക രൂപ 22,67,62,713 പാലം പണിക്കായി ഇതുവരെ 10,20,50,254 രൂപ ചെലവഴിച്ചിട്ടുണ്ട്. ദേശീയ ജലപാത അതോറിറ്റിയുടെ മാനദണ്ഡങ്ങൾ അനുസരിച്ച് പാലത്തിന്റെ രൂപകല്പനയിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്.